LIBRARY ARCHIVES Kerala Legislative Assembly

- എല്ലാ പോലീസ് സ്റ്റേഷനുകളും 'Service Delivery Centres' ആക്കി മാറ്റുന്നതിന് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.
- കേരളാ റെയിൽവേ പോലീസ്, കേരളാ ആംഡ് പോലീസ് ബറ്റാലിയൻ തുടങ്ങിയവയ്ക്ക് സമാനമായി " കോസ്റ്റൽ പോലീസ് ഡിവിഷൻ" രൂപീകരിക്കുവാനായി ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്.
- ഇന്ത്യയിൽ ചാര പ്രവർത്തനം, വിധ്വംസക - അട്ടിമറി പ്രവർത്തനങ്ങൾ തുടങ്ങിയ നിയമ വിരുദ്ധവും അപകടകരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദേശ ഏജൻസികളെ തകർക്കുവാനും, പ്രതിരോധിക്കുവാനുമായി പോലീസ് വകുപ്പിൽ ഒരു " Counter Intelligence Cell" -രൂപം നൽകുന്നകാര്യം പരിഗണനയിലാണ്.
- തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ റൂറൽ എന്നിവിടങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകളും, കണ്ണൂർ റൂറൽ പോലീസ് ജില്ലയിൽ സൈബർ പോലീസ് സ്റ്റേഷനും ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്.
- സൈബർ കേസുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിലേക്ക് സൈബർ ഓപ്പറേഷൻ വിംഗ് & സൈബർ ഇൻവെസ്റ്റിഗേഷൻ ആൻഡ് റിസർച്ച് അനാലിസിസ് ഡിവിഷൻ തുടങ്ങുന്നത് പരിഗണനയിലാണ്.
- സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് പ്രത്യേകമായി എക്കണോമിക് ഒഫൻസ് വിംഗ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലുണ്ട്.

പോലീസ് മാന്വൽ/പോലീസ് സ്റ്റാൻഡിംഗ് ഓർഡേഴ്സിന്റെ ലംഘനങ്ങൾ തടയുവാൻ നടപടി

94 (94) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള ഒരു രാജ്യസഭാംഗം തൃശ്ശൂരിൽ വച്ച് ഒല്ലൂർ എസ്.ഐ.-യെക്കൊണ്ട് കഴിഞ്ഞദിവസം കേരള പോലീസ് മാന്വലിന് വിരുദ്ധമായി നിർബന്ധിച്ച് സല്യൂട്ട് ചെയ്യിപ്പിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കേരള പോലീസ് നടപടിക്രമങ്ങൾ നോട്ടിഫൈഡ് റൂൾ ആകയാൽ അത് ലംഘിച്ച് സല്യൂട്ട് ചെയ്ത ഒല്ലൂർ എസ്.ഐ.-ക്കെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) സെക്രട്ടേറിയറ്റിലെ ജി.എ.ഡി. വിഭാഗത്തിലെ ഫയലുകൾ തീപിടിച്ച് നശിച്ച കേസ് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ കേരള പോലീസ് മാന്വലിലെ വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷിച്ചതുപോലെ പ്രസ്തുത മാന്വലിലെ സല്യൂട്ട് സംബന്ധിച്ചുള്ള വകുപ്പിന്റെ ലംഘനം ബോധപൂർവ്വം നടത്തിയതിന് പ്രസ്തുത എം.പി.-ക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുവാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ?

(ബി&സി) നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) നോട്ടിഫൈഡ് റൂളായ പോലീസ് മാന്വൽ/പോലീസ് സ്റ്റാൻഡിംഗ് ഓർഡേഴ്സിന്റെ ലംഘനങ്ങൾ തടയുവാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി പരിശോധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ പോലീസ് മേധാവി മുഖേന നൽകുന്നതാണ്.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ്

95 (95) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) അനുബന്ധമായി നൽകിയിരിക്കുന്നു.*

ആലത്തൂർ താലൂക്കിലെ സ്കൂളുകളിൽ എസ്.പി.സി.

96 (96) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിലെ മംഗളംഡാം, വടക്കഞ്ചേരി, ആലത്തൂർ, കുഴൽമന്ദം പോലീസ് സ്റ്റേഷൻ പരിധിയിലെ എത്ര സ്കൂളുകളിൽ എസ്.പി.സി. നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly